# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 നവംബര്‍ 2 ബുധന്‍
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങള്‍
(ആകെ ചോദ്യങ്ങള്‍ -327)

| മറുപടി നല്‍കുന്ന മന്ത്രിമാര്‍ | ചോദ്യനമ്പര്‍ |
|---|---|
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : 6772 മുതല്‍ 6878 വരെ |
| റവന്യൂവകുപ്പുമന്ത്രി | : 6879 മുതല്‍ 6954 വരെ |
| മരാമത്ത് വകുപ്പുമന്ത്രി | : 6955 മുതല്‍ 7042 വരെ |
| പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : 7043 മുതല്‍ 7098 വരെ |

## പൈതൃക സംരക്ഷണ പദ്ധതി

6772 ശ്രീ. ഷാഫി പറമ്പില്‍
,, എം.പി. വിന്‍സെന്റ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ പ്രമുഖ ഗവണ്‍മെന്റ് കോളേജുകളുടെ പാരമ്പര്യതനിമ കാത്തുസൂക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുളള നടപടികള്‍ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി പൈതൃക സംരക്ഷണ പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇതിന്റെ പ്രവര്‍ത്തനങ്ങള്‍ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>പുതിയ കോഴ്സുകൾ</u>

6773 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് ഏതെങ്കിലും സർക്കാർ കോളേജിലോ എയ്ഡഡ് കോളേജിലോ പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം കോളേജുകളിലാണ് പുതിയ കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങൾ

6774 ശ്രീ. പി. കെ. ഗുരുദാസൻ
,, എം. ചന്ദ്രൻ
,, പി. റ്റി. എ. റഹീം
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ലബോറട്ടറി ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളും യോഗ്യതയുള്ള അദ്ധ്യാപകരും നിയമാനുസൃതം ഉണ്ടെന്ന് ഉറപ്പാക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) അദ്ധ്യാപകരുടെ എണ്ണം, യോഗ്യത, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ നിയമാനുസൃതം പൂർണ്ണതയുള്ള എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും വെളിപ്പെടുത്തുമോ; പൂർണ്ണതയില്ലാത്ത സ്ഥാപനങ്ങൾ എത്ര;

(സി) പുതിയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അനുമതി നൽകുന്നത് ബഹു. ഹൈക്കോടതി വിലക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിധിയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) കോടതി വിധിയുടെ പശ്ചാത്തലത്തിൽ എന്തെല്ലാം തുടർ നടപടികൾ സ്വീകരിക്കുകയുണ്ടായി?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള ആനുകൂല്യങ്ങൾ</u>

6775 ശ്രീ. കെ. വി. അബ്ദുൾ ഖാദർ
,, കെ. കെ. നാരായണൻ
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകിവരുന്ന ഫീസിളവും, മറ്റാനുകൂല്യങ്ങളും നൽകുന്നത് പഠനം തുടങ്ങി ഒരു അദ്ധ്യയന വർഷം കഴിഞ്ഞാട്ടാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമൂലം അഡ്മിഷൻ സമയത്തു തന്നെ, ഫീസ്, മെസ്സ് അലവൻസ്, ഹോസ്റ്റൽ വാടക മുതലായവ കണ്ടെത്തുവാൻ പാവപ്പെട്ടവരായ മത്സ്യത്തൊഴിലാളി രക്ഷിതാക്കൾ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ അഡ്മിഷൻ സമയത്ത് തന്നെ ഫീസിളവും മറ്റാനുകൂല്യങ്ങളും മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അനുവദിച്ചു നൽകുന്നതിന് സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനം</u>

6776 ശ്രീ. എം.എ. ബേബി
,, പി. ശ്രീരാമകൃഷ്ണൻ
,, ആർ. രാജേഷ്
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനം, ഫീസ് തുടങ്ങിയവയുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മാനേജ്മെന്റുകളുടെ പ്രതിനിധികളും സർക്കാരും തമ്മിലുണ്ടാക്കിയ കരാറുകളുടെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(ബി) പൊതുമെറിറ്റ് പ്രകാരവും സർക്കാർ നിശ്ചയിച്ചിട്ടുള്ള സംവരണതത്വപ്രകാരവും പ്രവേശനം കിട്ടാനർഹതയുള്ള വിദ്യാർത്ഥികൾക്ക് അവസരം നിഷേധിക്കപ്പെടുന്ന എന്തെങ്കിലും വ്യവസ്ഥ കരാറിലുണ്ടോ; വിശദമാക്കാമോ;

(സി) സർക്കാർ പ്രതിനിധികളും ഇന്റർചർച്ച് കൗൺസിൽ മാനേജ്മെന്റും ഒത്തുകളിക്കുന്നതായ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിലപാടുകൾ സുവ്യക്തവും നീതിപൂർവ്വവും ആക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

യു. ജി. സി. യോഗ്യതയുള്ള അധ്യാപകരുടെ അടിസ്ഥാന ശമ്പളം

6777 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1.1.96 നും അതിനുശേഷവും സംസ്ഥാനത്തെ കോളേജുകളിൽ 2060 രൂപ അടിസ്ഥാന ശമ്പളത്തിൽ നിയമനം ലഭിച്ച യു. ജി. സി. യോഗ്യതയുള്ള 231 അധ്യാപകരുടെ അടിസ്ഥാന ശമ്പളം 8000/രൂപയായി ഉയർത്തി നൽകിയ ഉത്തരവ് ഏതെന്ന് വ്യക്തമാക്കുമോ ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) കൊല്ലം, പുനലൂർ ശ്രീനാരായണ കോളേജുകളിൽ 10.3.97 ൽ 2060 രൂപ അടിസ്ഥാന ശമ്പത്തിൽ നിയമനം ലഭിച്ച ശ്രീ. ബൈജു എസ്, ശ്രീ. അനിൽകുമാർ. എസ് എന്നിവരുടെ അടിസ്ഥാന ശമ്പളം 8000/രൂപയായി ഉയർത്തിനൽകുന്നതിനെതിരെ സർക്കാർ ഹൈക്കോടതിയിൽ കേസ് നടത്തുന്നതിന്റെ അടിസ്ഥാനമെന്തെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനാധാരമായ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) 231 പേരുടെ നിയമനത്തിനാധാരമായ ഉത്തരവ് ഇവർക്കും ബാധകമാണോ ; ഈ കേസ് തീർപ്പാക്കുവാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

ബി. ബി. എ. അദ്ധ്യാപക യോഗ്യത

6778 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ബി. ബി.എ അദ്ധ്യാപക തസ്തികയ്ക്ക് എം. ബി. എ., നെറ്റ് എന്നീ യോഗ്യതകൾ ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിരിക്കെ ചില എയ്ഡഡ് കോളേജുകളിൽ എം.കോം ഡിഗ്രി ഉള്ളവരെ അദ്ധ്യാപകരായി നിയമിക്കുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>രണ്ടാംവർഷ പഠനത്തിന് ഗവൺമെന്റ് കോളേജിലേക്ക് ട്രാൻസ്ഫർ</u>

6779

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
,, എം. പി. അബ്ദുസ്സമദ് സമദാനി
,, എൻ. ഷംസുദ്ദീൻ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ്, പാരലൽ കോളേജുകളിൽ ഒരു വർഷം പഠനം പൂർത്തിയാക്കിയ ശേഷം രണ്ടാംവർഷ പഠനത്തിന് ഗവൺമെന്റ് കോളേജിലേയ്ക്ക് ട്രാൻസ്ഫർ അനുവദനീയമാണോ; എങ്കിൽ പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് അതനുവദിക്കുന്നതിന് തടസ്സമുണ്ടോ;

(ബി) നിയമപ്രകാരം അനുവദനീയമല്ലെങ്കിൽ കഴിഞ്ഞ അഞ്ചുവർഷക്കാലം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലടക്കം സംസ്ഥാനത്തെ വിവിധ കോളേജുകളിൽ ഈ വിധത്തിൽ അനുവദിച്ച ട്രാൻസ്ഫറുകളെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ ആർട്സ് & സയൻസ് കോളേജ്</u>

6780

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ ആർട്സ് & സയൻസ് കോളേജുകൾ നിലവിലില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ നിയോജകമണ്ഡലത്തിൽ കേന്ദ്ര സർക്കാരിന്റെ 'ഒരു മാതൃകാ കോളേജ്' സ്ഥാപിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>വനിതാ ഹോസ്റ്റലുകളുടെ നിർമ്മാണം</u>

6781 ശ്രീ. ഷാഫി പറമ്പിൽ
,, വി. പി. സജീന്ദ്രൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിലെ വനിതാ ഹോസ്റ്റലുകളുടെ നിർമ്മാണ പ്രവർത്തനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഹോസ്റ്റലുകൾ പണിയാൻ യു. ജി.സി സഹായം അനുവദിച്ചിട്ടുണ്ടോ ;

(സി) എത്ര ഹോസ്റ്റലുകൾ പണിയാനാണ് അനുമതി നൽകിയിട്ടുള്ളത് ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

അരൂർ മണ്ഡലത്തിൽ മെഡിക്കൽ ലാബ് ടെക്നീഷ്യൻ കോഴ്സ്

6782 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ മെഡിക്കൽലാബ് ടെക്നീഷ്യൻ കോഴ്സ് ഗവൺമെന്റ് മേഖലയിൽ അമ്പലപ്പുഴയിൽ മാത്രമേ ഉള്ളു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അരൂർ മണ്ഡലത്തിന്റെ വടക്കേ അറ്റത്തു നിന്നും അമ്പലപ്പുഴ വരെ യാത്രചെയ്ത് ഈ കോഴ്സ് പഠിക്കുന്നതിന് വിദ്യാർത്ഥികൾക്കുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അരൂർ മണ്ഡലത്തിൽ മെഡിക്കൽ ലാബ് ടെക്നീഷ്യൻ കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>ഗസ്റ്റ് അദ്ധ്യാപകരുടെ വേതനം</u>

6783 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ഗസ്റ്റ് അദ്ധ്യാപകരുടെ വേതനം വർദ്ധിപ്പിക്കാനുള്ള തീരുമാനം പരിഗണനയിലുണ്ടോ;

(ബി) ആയതിന്റെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ

## 2.11.2011-ലെ മറുപടിക്ക്

റാഗിംഗ് വിരുദ്ധ പ്രവർത്തനത്തിനായി നടപടികൾ

6784 ശ്രീ. പി. ബി. അബ്ദുൾ റസാക്
,, കെ. എൻ. എ. ഖാദർ
,, സി. മമ്മൂട്ടി
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളെ കൊണ്ടു പോകുന്ന കോളേജ് വാഹനങ്ങളിൽ റാഗിംഗ് നടക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു തടയുവാൻ കോളേജ് ബസ്സുകളിൽ സൂപ്പർ വൈസിംഗ് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ബി) റാഗിംഗിനെതിരെ മനുഷ്യ മനസാക്ഷി ഉണർത്താനും, രക്ഷകർത്താക്കളെ കൂടുതൽ ജാഗരൂകരാകാനും, കുട്ടികൾക്ക് സംരക്ഷണം നൽകാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) റാഗിംഗ് വിരുദ്ധ പ്രവർത്തനത്തിന്റെ ഭാഗമായി, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിംഗ്, സമാനസംഭവങ്ങളും സംബന്ധിച്ച വിവരശേഖരണം നടത്താനും, തുടർനടപടിയുൾപ്പെടെയുള്ള വിവരങ്ങൾ ചേർത്ത് കാലാകാലങ്ങളിൽ പ്രസിദ്ധപ്പെടുത്താനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>ഡിജിറ്റൽ സൂപ്പർ ഹൈവേ</u>

6785 ശ്രീ. പാലോട് രവി
,, ഷാഫി പറമ്പിൽ
,, എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഡിജിറ്റൽ സൂപ്പർ ഹൈവേയുടെ പ്രവർത്തനം ഏതു ഘട്ടത്തിലാണ്;

(ബി) ഇതിനായി വകുപ്പിൽ ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ എത്രമാത്രം പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായം ഇതിനുവേണ്ടി ഉപയോഗിച്ചിട്ടുണ്ട്;

(ഡി) ഇതുമൂലം ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

ഇ-ഗവേർണൻസ്

6786 ശ്രീ. ബെന്നി ബെഹനാൻ
,, അൻവർ സാദത്ത്
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിൽ ഇ-ഗവേർണൻസ് സംവിധാനം പ്രവർത്തനക്ഷമമാക്കുന്നതിന് കൈകൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

(ബി) ഇതുമൂലം ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ് ;

(സി) ഓഫീസുകളിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകളിന്മേൽ കൈകൊണ്ടിട്ടുള്ള നടപടി സംബന്ധിച്ച വിവരങ്ങൾ അറിയുവാൻ ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>അദ്ധ്യാപക പാക്കേജ്</u>

6787 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' എ. പി. അബ്ദുള്ളക്കുട്ടി
'' എം. എ. വാഹീദ്
'' അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രൈമറി ഹെഡ്മാസ്റ്റർമാരുടെ ജോലിഭാരം കുറയ്ക്കുന്നതിന് അദ്ധ്യാപക പാക്കേജിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്;

(ബി) ഇതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത നിർദ്ദേശങ്ങൾ എന്നു മുതൽ പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>അദ്ധ്യാപക പാക്കേജ്</u>

6788 ശ്രീ. ലൂഡി ലൂയിസ്
,, എം. പി. വിൻസെന്റ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക പാക്കേജ് സമയബന്ധിതമായി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) അദ്ധ്യാപക പാക്കേജ് നടപ്പിലാക്കുന്നതിന് ഓൺ ലൈൻ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തന രീതി സംബന്ധിച്ചുള്ള നടപടികൾക്ക് രൂപം നൽകിയിട്ടുണ്ടോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

സമ്പൂര്‍ണ്ണ പദ്ധതി

6789 ശ്രീ. വി. ഡി. സതീശന്‍
,, വി. റ്റി. ബല്‍റാം
,, പി. സി. വിഷ്ണുനാഥ്
,, എം. എ. വാഹിദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിദ്യാഭ്യാസ വൂകുപ്പില്‍ സമ്പൂര്‍ണ്ണ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങള്‍ എന്തെല്ലാമാണ് .

(ബി) ഈ പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട് ;

(സി) ഇത് എന്നുമുതല്‍ നടപ്പില്‍ വരുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

എൽ.പി., യു.പി. വിഭാഗം പരിഷ്ക്കരണം

6790 ശ്രീ. തോമസ് ഉണ്ണിയാടൻ
,, റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വിദ്യാഭ്യാസ നിയമം അനുസരിച്ച് 5-ാം സ്റ്റാൻഡേർഡ് എൽ.പി. വിഭാഗത്തിലേയ്ക്കും 8-ാം സ്റ്റാൻഡേർഡ് യു.പി. വിഭാഗത്തിലേയ്ക്കും മാറ്റുന്നത് ഏത് അദ്ധ്യയന വർഷം മുതലാണ്;

(ബി) മാറ്റം നിലവിൽ വരുമ്പോൾ ഹൈസ്കൂൾ വിഭാഗത്തിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരെ എങ്ങനെ നിലനിറുത്താനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>കേന്ദ്ര വിദ്യാഭ്യാസാവകാശ നിയമം</u>

6791 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒന്നാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികളിൽ നിന്നും യാതൊരു പണപ്പിരിവും നടത്തരുതെന്ന കേന്ദ്ര വിദ്യാഭ്യാസവകാശ നിയമം മറികടന്ന് സംസ്ഥാനത്തെ വിദ്യാർത്ഥികളിൽ നിന്ന് പണം പിരിച്ചെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ വിദ്യാഭ്യാസ അധികാരികൾ, എന്തെല്ലാം കാര്യങ്ങൾക്ക് വേണ്ടി, ഏതൊക്കെ സ്ഥലങ്ങളിൽ നിന്ന്, എത്ര രൂപ വീതം പിരിച്ചെടുത്തു എന്നതിന്റെ വിശദാംശം വെളിപ്പെടുത്താമോ ;

(സി) പണപ്പിരിവ് നടത്താൻ നിർദ്ദേശം നൽകിയവർക്കെതിരെയും പണപ്പിരിവ് നടത്തിയവർക്കെതിരെയും അന്വേഷണം നടത്തി നടപടിയെടുക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത വിഷയത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>അദ്ധ്യാപന നിലവാരം ഉയർത്തുവാൻ നടപടി</u>

6792 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അദ്ധ്യാപന നിലവാരം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) അദ്ധ്യാപന നിലവാരം കാലാനുസൃതമായി ഉയർത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(സി) ഇതിനായി ആധുനിക സങ്കേതങ്ങളും സംവിധാനങ്ങളും ലഭ്യമാക്കിയിട്ടുണ്ടോ ;

(ഡി) ഗുണമേന്മയുള്ള വിദ്യാഭ്യാസം സമൂഹത്തിന് നൽകുകയെന്നത് അദ്ധ്യാപകരുടെ ഉത്തരവാദിത്തവും കടമയുമാക്കാൻ അദ്ധ്യാപനം അക്കൗണ്ടബിളാക്കാനുമുള്ള നിയമം നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ഈ നിയമം തയ്യാറാക്കാൻ വിദ്യാഭ്യാസ വിദഗ്ദ്ധരുടെ അന്താരാഷ്ട്ര നിലവാരമുള്ള സംവാദങ്ങൾ സംഘടിപ്പിക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

"ഫിനിഷിംഗ് സ്കൂൾ"

6793 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് 'ഫിനിഷിംഗ് സ്കൂൾ" പ്രവർത്തിക്കുന്നത്; വിശദമാക്കാമോ;

(ബി) ഫിനിഷിംഗ് സ്കൂളുകൾ എന്നാണ് ആരംഭിച്ചത്;

(സി) ഫിനിഷിംഗ് സ്കൂളുകൾ എന്ത് ലക്ഷ്യത്തിനാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) ഫിനിഷിംഗ് സ്കൂളുകൾക്കായി ഈ സർക്കാർ എത്ര തുക അനുവദിച്ചു; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>മലയാളം ഒന്നാംഭാഷ</u>

6794 ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ മലയാളം ഒന്നാം ഭാഷയാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കാസർഗോഡ് ജില്ലയിൽ മലയാളം പഠിക്കാൻ സാഹചര്യമില്ലാത്ത സ്കൂളുകൾ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഇത്തരം സ്കൂളുകളിൽ മലയാളം പഠിക്കാനുള്ള അവസരം കുട്ടികൾക്ക് ലഭ്യമാക്കാമോ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>മാനസിക വൈകല്യമുള്ള വിദ്യാർത്ഥികളുടെ സംരക്ഷണം</u>

6795 ശ്രീ. എൻ.എ. നെല്ലിക്കുന്ന്
,, സി. മമ്മൂട്ടി
,, പി.ബി. അബ്ദുൾ റസാക്
,, കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാനസികമായി വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളുടെ സംരക്ഷണത്തിനും പരിചരണത്തിനുമായി വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംവിധാനങ്ങളുടെ വിശദവിവരം നൽകാമോ;

(ബി) ഇത്തരം വിദ്യാർഥികളെ സംരക്ഷിക്കുന്നതിന് അംഗീകൃത സ്ഥാപനങ്ങളെ പാനൽ ചെയ്തിട്ടുണ്ടോ; എങ്കിൽ അവയുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) ഇത്തരം സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡമെന്താണ്;

(ഡി) ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കാൻ നിലവിലുള്ള സംവിധാനത്തെക്കുറിച്ച് വിശദീകരിക്കുമോ;

(ഇ) എന്തൊക്കെ മിനിമം സൗകര്യങ്ങളും പരിചരണങ്ങളുമാണ് ഈ സ്ഥാപനങ്ങളിൽ ലഭ്യമാക്കേണ്ടതെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(എഫ്) 2010-11 വർഷത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച തുകയുടെ വിശദവിവരം നൽകാമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സേവനം</u>

6796 ശ്രീ. ഹൈബി ഈഡൻ
,, പി. എ. മാധവൻ
,, പാലോട് രവി
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായികാദ്ധ്യാപകൻ ഉൾപ്പെടെയുള്ള സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സേവനം എല്ലാ വിദ്യാലയങ്ങളിലും ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഇതിനായി വിദ്യാഭ്യാസ ജില്ലാ അടിസ്ഥാനത്തിൽ പ്രത്യേക പൂളിംഗ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>സി. ബി. എസ്. ഇ. സ്കൂളുകളുടെ ഫീസ് ഘടന</u>

6797 ശ്രീമതി. ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സി. ബി. എസ്. ഇ. സ്കൂളുകളുടെ ഫീസ് ഘടന സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) ചില സി. ബി. എസ്. ഇ. സ്കൂളുകളിൽ വിദ്യാർത്ഥികൾ ഫീസ് നൽകുമ്പോൾ രസീത് നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം സ്കൂളുകൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>നിയമനാംഗീകാരം വേഗത്തിലാക്കാൻ നടപടി</u>

6798 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, കെ. അച്ചുതൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ നിയമനാംഗീകാരത്തിനുള്ള നീണ്ട കാത്തിരിപ്പ് അവസാനിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇതിനായി വിദ്യാഭ്യാസ ഓഫീസുകളെയും ഉദ്യോഗസ്ഥന്മാരെയും ഗുണമേന്മാ പ്രവർത്തനങ്ങളിൽ സജ്ജരാക്കുമോ ;

(സി) ഇതിനായി കൈക്കൊള്ളാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ് ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യപദ്ധതി</u>

6799 ശ്രീ. വി. എസ്. സുനിൽ കുമാർ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. ഇ. ചന്ദ്രശേഖരൻ
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള സമഗ്ര ആരോഗ്യ പദ്ധതി വിദ്യാഭ്യാസ വകുപ്പ് സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയുടെ പ്രയോജനം ഈ വർഷം എത്ര വിദ്യാർത്ഥികൾക്ക് ലഭിക്കും; വിദ്യാർത്ഥികൾക്കുള്ള ആരോഗ്യ രേഖയിൽ എന്തെല്ലാം വിവരങ്ങളാണ് അടങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഈ പദ്ധതി എത്ര കാലത്തിനുള്ളിൽ നടപ്പാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>ഉച്ചഭക്ഷണ പരിപാടി</u>

6800 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ നടപ്പിലാക്കിവരുന്ന ഉച്ചഭക്ഷണ പരിപാടിയ്ക്ക് ഓരോ കുട്ടിക്കും പ്രതിദിനം എത്ര രൂപയാണ് സർക്കാർ ചെലവഴിക്കുന്നത്;

(ബി) ഏതെല്ലാം ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയിൽ ഏതെല്ലാം ഭക്ഷ്യ വസ്തുക്കളാണ് കുട്ടികൾക്ക് നൽകുന്നത്;

(ഡി) ബഡ്ജറ്റ് പ്രഖ്യാപനം അനുസരിച്ച് പത്താംതരം വിദ്യാർത്ഥികൾക്ക് കൂടി ഇതിന്റെ പ്രയോജനം ഇപ്പോൾ ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനായി സർക്കാർ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്നു മുതലെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>പ്രീപ്രൈമറി ക്ലാസ്സുകളിലെ ഫീസ്</u>

6801 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ പ്രീപ്രൈമറി ക്ലാസ്സുകളിൽ ഇപ്പോൾ ഫീസ് ഈടാക്കുന്നുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) സർക്കാർ സ്കൂളുകളിലെ പ്രീ-പ്രൈമറി ക്ലാസ്സുകളിൽ ഫീസ് ഈടാക്കുന്നുണ്ടെങ്കിൽ ആയത് നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ആയത് എന്ന് പ്രാവർത്തികമാക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>ഉബുണ്ടു സോഫ്റ്റ്‌വെയർ - സി. ഡി.</u>

6802 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാഠ്യപദ്ധതി ഉൾപ്പെടെ ക്രമീകരിച്ചു കൊണ്ടുള്ള 'ഉബുണ്ടു' (UBUNDU) സോഫ്റ്റ്‌വെയർ - സി. ഡി. ഹൈസ്കൂൾ നിലവാരത്തിലുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം തുടർ പദ്ധതികളാണ് ഉദ്ദേശിക്കുന്നത് ;

(സി) കേന്ദ്രസർക്കാർ നൽകാൻ ഉദ്ദേശിക്കുന്ന തരത്തിൽ പാംടോപുകൾ (ടാബ്ലറ്റ് പി. സി) കേരളത്തിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഹൈസ്കൂൾ കുട്ടികൾക്ക് സൗജന്യമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനത്തിന് നീക്കിവച്ചിട്ടുള്ള തുക

6803 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ ഏറ്റെടുക്കുന്നതിന് കേന്ദ്ര-സംസ്ഥാന ബഡ്ജറ്റുകൾ വഴി 2011-12 വർഷത്തേയ്ക്ക് എന്തു തുക ലഭ്യമാക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ നിന്നും ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ സർക്കാർ സ്കൂളുകൾക്ക് നീക്കിവച്ചിട്ടുള്ള തുക എത്രയാണെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

**കാലപ്പഴക്കം ചെന്ന വാഹനങ്ങൾ സ്കൂൾ ബസ്സുകളാക്കി ഉപയോഗിക്കുന്നത് പരിശോധിക്കാൻ നടപടി**

6804 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പബ്ലിക് യൂട്ടിലിറ്റിക്ക് അനുയോജ്യമല്ലെന്ന് കണ്ട്, ലേലം ചെയ്യുന്ന കാലപ്പഴക്കം ചെന്ന വാഹനങ്ങൾ, ലേലത്തിൽപ്പിടിച്ച് സ്കൂൾ ബസ്സുകളാക്കി ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സ്കൂൾ വാഹനങ്ങൾ അപകടത്തിൽപ്പെടുന്നതിന്റെ ഒരു പ്രധാന കാരണം ഇതാണെന്ന വസ്തുത അന്വേഷണവിധേയമാക്കിയിട്ടുണ്ടോ;

(സി) ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന കാര്യം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>സെറ്റ് പരീക്ഷ</u>

6805 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെറ്റ് പരീക്ഷയിൽ ഉദ്യോഗാർത്ഥികൾ വർദ്ധിച്ച തോതിൽ പരാജയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ;

(സി) ഇക്കാര്യം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ ;

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>അദ്ധ്യാപക ബാങ്ക്</u>

6806 ശ്രീ. കെ. മുരളീധരൻ
'' തേറമ്പിൽ രാമകൃഷ്ണൻ
'' വി. ഡി. സതീശൻ
'' സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക വിന്യാസത്തിനും ജോലി സുരക്ഷക്കും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ബി) ഇതിനായി രൂപം നൽകിയിട്ടുള്ള അദ്ധ്യാപക ബാങ്കിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) അദ്ധ്യാപക ബാങ്ക് ഉണ്ടാക്കുന്നതിന് കൈകൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>സ്കൂള്‍ കലോത്സവങ്ങള്‍</u>

6807 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ വര്‍ഷം സ്കൂള്‍ കലോത്സവങ്ങളും ഗണിത ശാസ്ത്ര മേളകളും നടത്താന്‍ ആവശ്യമായ ഫണ്ട് സര്‍ക്കാര്‍ അനുവദിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) കഴിഞ്ഞവര്‍ഷം സ്കൂള്‍ കലോത്സവങ്ങളുടെ നടത്തിപ്പിന് അനുവദിച്ച സര്‍ക്കാര്‍ ഫണ്ടിന്റെ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ ;

(സി) സ്കൂള്‍ കലോത്സവങ്ങളുടേയും ഗണിത ശാസ്ത്രമേളകളുടേയും സുഗമമായ നടത്തിപ്പിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് അടിയന്തിര നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

കുട്ടികളുടെ കുറവുമൂലം ജോലി നഷ്ടപ്പെടൽ

6808 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ കുറവുകൊണ്ട് ജോലി നഷ്ടപ്പെട്ട അനദ്ധ്യാപക ജീവനക്കാരെ പ്രൊട്ടക്ട് ചെയ്യാൻ എന്തെങ്കിലും നടപടി പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) കേരളത്തിലെ എയ്ഡഡ് സ്കൂളുകളിൽ കുട്ടികളുടെ കുറവുകൊണ്ട് ജോലി നഷ്ടപ്പെട്ട അനദ്ധ്യാപകരുടെ എണ്ണം എത്രയാണ്?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>അനാദായകരമായ സ്കൂളുകൾ</u>

6809 ശ്രീ.സി. ദിവാകരൻ
,, ചിറ്റയം ഗോപകുമാർ
,, കെ. രാജു
,, ജി.എസ്.ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നത് പ്രസ്തുത സ്കൂളുകളുടെ നിലനില്പിനെ ബാധിച്ചിട്ടുണ്ടോ ;

(ബി) വിദ്യാർത്ഥികളുടെ കുറവ് മൂലം അദ്ധ്യാപകർക്ക് ജോലി നഷ്ടപ്പെടുന്ന അവസ്ഥ ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര അദ്ധ്യാപകർക്ക് എന്ന് വ്യക്തമാക്കാമോ ;

(സി) ഒരു ക്ലാസ്സിൽ ഇരുപത്തിയഞ്ചു കുട്ടികളിൽ കുറവുള്ള സ്കൂളുകൾ അനാദായകരമാണെന്ന് വിദ്യാഭ്യാസ വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അനാദായകരമായ പട്ടികയിൽ ഇപ്പോൾ എത്ര സ്കൂളുകളുണ്ടെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ ടോയ്‌ലറ്റ് സൗകര്യം</u>

6810 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടോയ്‌ലറ്റ് സൗകര്യം ഇല്ലാത്ത സർക്കാർ /എയ്ഡഡ് സ്കൂളുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) സ്കൂളുകളിൽ ടോയ്‌ലറ്റ് സൗകര്യം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) സ്കൂളുകളിലെ ടോയ്‌ലറ്റ് സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള ഫണ്ട് എത്രയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>സ്കൂളുകളിൽ മൂത്രപ്പുര</u>

6811 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ മൂത്രപ്പുര നിർമ്മിക്കുന്നകാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>പാഠഭാഗം മാറ്റുന്നതിനുള്ള നടപടിക്രമം</u>

6812 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്താം ക്ലാസ്സിലെ സാമൂഹ്യപാഠ പുസ്തകത്തിലെ ഒന്നാമദ്ധ്യായം നടപടിക്രമം പാലിക്കാതെ മാറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാഠഭാഗം മാറ്റുന്നതിനാധാരമായ സാഹചര്യം വിശദീകരിക്കാമോ;

(സി) പാഠപുസ്തകത്തിലെ അദ്ധ്യായങ്ങൾ മാറ്റുന്നത് സംബന്ധിച്ച നടപടിക്രമം വിശദമാക്കാമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>കെ. എസ്. എ. വി. ആർ. സി. യുടെ പുനർനാമകരണം</u>

6813 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കെ. എസ്. എ. വി. ആർ. സി. പുനർനാമകരണം ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ പുതിയ പേര് എന്താണ്; എന്തിന് വേണ്ടിയാണ് നിലവിലെ നാമത്തിൽ വ്യത്യാസം വരുത്തിയത് എന്ന് വ്യക്തമാക്കുമോ;

(സി) സെന്ററിൽ പുതുതായി എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്;

(ഡി) സംസ്ഥാനത്തെ വിവിധ സബ് സെന്ററുകളുടെ ശോച്യാവസ്ഥ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ;

(ഇ) ഇതിനായി കേന്ദ്ര സർക്കാരിലേക്ക് എന്തെങ്കിലും പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(എഫ്) സബ് സെന്റർ ജീവനക്കാർക്ക് കൃത്യമായി ശമ്പളം ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ജി) പ്ലാൻ, നോൺ പ്ലാൻ ഫണ്ടുകൾ ഉപയോഗിച്ച് സബ് സെന്ററുകളെ നവീകരിക്കുന്നതിന് പദ്ധതിയുണ്ടോ;

(എച്ച്) ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം നടപ്പാക്കാൻ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ വകുപ്പിലെ നോൺ ടീച്ചിംഗ് ജീവനക്കാരുടെ പാക്കേജ്</u>

6814 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിലെ നോൺ ടീച്ചിംഗ് ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) വിദ്യാഭ്യാസ വകുപ്പിൽ ഹയർ സെക്കന്ററി വിഭാഗത്തിൽ നോൺ ടീച്ചിംഗ് ജീവനക്കാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

അദ്ധ്യാപകേതര ജോലിക്കായി നിയോഗിക്കൽ

6815 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ എയ്ഡഡ് എൽ.പി/യു.പി/ഹൈസ്കൂൾ അദ്ധ്യാപകരെ സെൻസസ്, വോട്ടർ പട്ടികയിൽ പേര് ചേർക്കൽ, ബി.പി.എൽ സർവ്വെ തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾക്ക് നിയോഗിക്കുന്നതിനാൽ സ്കൂളുകളിലെ അദ്ധ്യയന ദിവസങ്ങൾ നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അദ്ധ്യാപകരെ നിർബന്ധപൂർവ്വം ഇത്തരം പ്രവർത്തികൾക്ക് നിയോഗിക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

മദ്രസവിദ്യാഭ്യാസ നവീകരണം

6816 ശ്രീ.എം. പി. അബ്ദുസ്സമദ് സമദാനി
,, വി. എം. ഉമ്മർ മാസ്റ്റർ
,, എൻ. ഷംസുദ്ദീൻ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്രസ വിദ്യാഭ്യാസ നവീകരണം ലക്ഷ്യമിട്ട് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതി എന്നാണ് ആരംഭിച്ചത് ; എന്തൊക്കെ പ്രവർത്തനങ്ങൾ ഇതേവരെ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) കഴിഞ്ഞവർഷം (2010-11) പ്രസ്തുത പദ്ധതിക്ക് എന്തു തുക ചെലവഴിച്ചു ; എന്തൊക്കെ പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടപ്പാക്കിയത് ;

(ഡി) നടപ്പുവർഷത്തേയ്ക്ക് എന്തൊക്കെ പരിപാടികളാണ് വിഭാവനം ചെയ്തിട്ടുള്ളത് ; അവ നടപ്പാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദവിവരം നല്കാമോ ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

ഇസ്ലാമിക് സ്റ്റഡീസ്

6817 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എത്ര സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ പ്ലസ് -ടു തലത്തിൽ ഇസ്ലാമിക് സ്റ്റഡീസ് വിഷയം ഉൾപ്പെട്ട കോമ്പിനേഷനുകൾ പഠിപ്പിക്കുന്നുവെന്നും, പ്രസ്തുത സ്കൂളുകൾ ഏതെല്ലാമാണെന്നും അറിയിക്കുമോ;

(ബി) കൂടുതൽ ഹയർ സെക്കന്ററി സ്കൂളുകളിൽ പ്ലസ് -ടു തലത്തിൽ ഇസ്ലാമിക് സ്റ്റഡീസ് വിഷയം ഉൾപ്പെട്ട കോമ്പിനേഷൻ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ ഉപജില്ലാ ഓഫീസുകളുടെ വിഭജനം</u>

6818 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിസ്തൃതിയിലും സ്കൂളുകളുടെ എണ്ണത്തിലും മുന്നിൽ നിൽക്കുന്ന വിദ്യാഭ്യാസ ഉപജില്ലാ ഓഫീസുകൾ വിഭജിച്ച് പുതിയ വിദ്യാഭ്യാസ ഉപജില്ലകൾ രൂപീകരിക്കണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത നിർദ്ദേശത്തിനുമേൽ അനുകൂല നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>നിയമനാംഗീകാരത്തിനായി സമർപ്പിച്ച അപേക്ഷകൾ</u>

6819 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയമനാംഗീകരാരത്തിനായി എയ്ഡഡ് സ്കൂളുകളിൽ നിന്നും മഞ്ചേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിച്ച അപേക്ഷകളിൽ എത്രപേർക്ക് ഇനിയും അംഗീകാരം നൽകാനുണ്ട് ;

(ബി) ഇവരുടെ വിശദവിവരങ്ങൾ വ്യക്തമാക്കുമോ ; അംഗീകാരം നൽകാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>ഒന്നാം വര്‍ഷ പ്രവേശനം</u>

6820 ശ്രീ. എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മഞ്ചേരി നഗരസഭയിലെ മൂന്ന് സര്‍ക്കാര്‍ ഹയര്‍സെക്കണ്ടറി സ്കൂളിലും ഒരു എയ്ഡഡ് ഹയര്‍ സെക്കണ്ടറി സ്കൂളലുമായി 2011-12 വര്‍ഷത്തില്‍ എത്ര കുട്ടികള്‍ക്ക് ഒന്നാം വര്‍ഷ പ്രവേശനം നല്‍കി;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലേക്ക് പ്രവേശനത്തിന് അപേക്ഷിച്ച എത്ര കുട്ടികള്‍ക്ക് ഇനിയും പ്രവേശനം ലഭിക്കാതെയുണ്ട്;

(സി) ഇവിടെ കൂടുതല്‍ ബാച്ചുകള്‍ അടുത്ത വര്‍ഷം ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

ഗവ. ഹയർ സെക്കന്ററി സ്കൂൾ, മാത്തിൽ -ന്റെ പുനർനാമകരണം

6821 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ കാങ്കോൽ-ആലപ്പടമ്പ ഗ്രാമപഞ്ചായത്തിലെ ഗവ. ഹയർ സെക്കന്ററി സ്കൂൾ, മാത്തിൽ -ന്റെ പേര് പുനർനാമകരണം ചെയ്ത് ഉത്തരവായത് എപ്പോഴാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

ആർ.എം.എസ്.എ പദ്ധതിപ്രകാരം പാലക്കാട് ജില്ലയിൽ അപ്ഗ്രേഡ് ചെയ്ത സ്കൂളുകൾ

6822 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ പദ്ധതിപ്രകാരം എത്ര വിദ്യാലയങ്ങൾ പാലക്കാട് ജില്ലയിൽ അപ്ഗ്രേഡ് ചെയ്തിട്ടുണ്ട് ;

(ബി) ഈ വിദ്യാലയങ്ങളിൽ അറബി, ഉറുദു, സംസ്കൃതം, ഇംഗ്ലീഷ് എന്നീ ഭാഷകൾ പഠിപ്പിക്കുവാൻ തസ്തിക നിർണയിച്ചിട്ടുണ്ടോ ;

(സി) ഇതിൽ നിയമനം നടത്തിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>നാട്ടികയിൽ അപ്ഗ്രേഡ് ചെയ്ത സ്കൂളുകൾ</u>

6823 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജകമണ്ഡലത്തിൽ രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്ത സ്കൂളുകൾ ഏതൊക്കെയാണ്;

(ബി) ഈ വിദ്യാലയങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ നികത്തിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത തസ്തികകൾ നികത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

യു. പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി

6824 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി താലൂക്കിൽ 2010-11, 2011-12 സാമ്പത്തിക വർഷത്തിൽ ആർ.എം.എസ്.എ പദ്ധതിയിൽ ഉൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്യാൻ എത്ര ഗവൺമെന്റ് യു. പി. സ്കൂളുകൾ അപേക്ഷ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്; പേരു സഹിതം വിശദമാക്കാമോ;

(സി) ജി.എം.യു.പി.എസ് വെളിയങ്കോട്. ജി.എഫ്.യു.പി. എസ് കടവനാട് എന്നിവയുടെ അപേക്ഷകൾ അപ്ഗ്രഡേഷൻ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) യാത്രാസൗകര്യം കുറഞ്ഞ പ്രദേശങ്ങളിലുള്ള പ്രസ്തുത സ്കൂളുകൾ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ കാരണം വിശദമാക്കാമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>സർക്കാർ എൽ.പി./യു.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്ന നടപടി</u>

6825 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ എൽ. പി./യു. പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇത് സംബന്ധിച്ച സർക്കാരിന്റെ നയം വ്യക്തമാക്കുമോ;

(സി) പാവപ്പെട്ട വിദ്യാർത്ഥികൾ പഠിക്കുന്നതും തുടർ പഠനത്തിന് ദൂരസ്ഥലങ്ങളിലെ വിദ്യാലയങ്ങളെ ആശ്രയിക്കേണ്ടിവരുന്നതുമായ പ്രദേശങ്ങളിലെ എൽ. പി./യു. പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) എങ്കിൽ മലപ്പുറം മണ്ഡലത്തിലെ ആനക്കയം ജി. യു. പി. എസ്. പൂക്കൊളത്തൂർ ജി. എം. എൽ. പി. എസ്., കുട്ടശ്ശേരിക്കുളമ്പ് ജി. എൽ. പി. എസ്., പെരിങ്ങോട്ടുപുലം ജി. എൽ. പി. എസ്., പന്തല്ലൂർ ജി. എം. എൽ. പി. എസ്. എന്നിവ അപ്ഗ്രേഡ് ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>ഗവണ്‍മെന്റ് മാപ്പിള യു. പി. സ്കൂള്‍ അപ്ഗ്രേഡ് ചെയ്യാന്‍ നടപടി</u>

6826 ശ്രീ. സി. മോയിന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവമ്പാടി നിയോജക മണ്ഡലത്തിലെ പുതുപ്പാടി ഗ്രാമ പഞ്ചായത്തിലെ കൈതപ്പൊയിലിലെ ഗവണ്‍മെന്റ് മാപ്പിള യു.പി സ്കൂള്‍ അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്കൂളില്‍ എത്ര കുട്ടികള്‍ പഠനം നടത്തിവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) എല്ലാ അടിസ്ഥാന സൗകര്യങ്ങളുമുള്ള പ്രസ്തുത സ്കൂള്‍ ഹൈസ്കൂളാക്കി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ യു.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി</u>

6827 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ ഏതെല്ലാം യു. പി. സ്കൂളുകൾ ഹൈസ്കൂളുകളായി അപ്ഗ്രേഡ് ചെയ്യും എന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് സംബന്ധിച്ചുള്ള തീരുമാനത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>വേലാശ്വരം എ.യു.പിഎസ് സർക്കാർ ഏറ്റെടുത്ത നടപടി</u>

6828 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ ബേക്കൽ വിദ്യാഭ്യാസ സബ്ജില്ലയിലെ വേലാശ്വരം എ.യു.പി.എസ്.സർക്കാർ ഏറ്റെടുത്തത് എന്നാണ് എന്ന് അറിയിക്കാമോ ;

(ബി) ഏറ്റെടുക്കലിന്റെ ഭാഗമായി സ്കൂളിലെ ജീവനക്കാരെ സർക്കാർ ജീവനക്കാരായി പരിഗണിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(സി) കാലതാമസം ഒഴിവാക്കി പ്രസ്തുത നടപടികൾ പൂർത്തിയാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

ഇരിയണ്ണി പി.എ. എൽ.പി.സ്ക്കൂൾ സർക്കാർ ഏറ്റെടുത്ത നടപടി

6829 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഇരിയണ്ണി പി.എ. എൽ.പി.സ്ക്കൂൾ സർക്കാർ ഏറ്റെടുത്തതുമായി ബന്ധപ്പെട്ട ഉത്തരവ് നം. 22/2011/പൊ.വി.വ തീയതി 2/2/2011പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിദ്യാ- ഭ്യാസ വകുപ്പിന്റെ രേഖകളിലും സ്കൂളിലും സർക്കാർ സ്കൂൾ എന്നാക്കി മാറ്റം വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

മുക്കം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ സീനിയർ സൂപ്രണ്ട് തസ്തിക

6830 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുക്കം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് എന്നു മുതലാണ് പ്രവർത്തനം ആരംഭിച്ചത്;

(ബി) പ്രസ്തുത ഓഫീസിൽ ഏതൊക്കെ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്;

(സി) പ്രസ്തുത തസ്തികകൾ അപര്യാപ്തമാണെന്നത് കണക്കിലെടുത്ത് അത്യാവശ്യംവേണ്ട മറ്റ് തസ്തികകൾ കൂടി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) അടിയന്തിരമായി ഒരു സീനിയർ സൂപ്രണ്ട് തസ്തിക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>ഷൊർണ്ണൂർ മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കാൻ നടപടി</u>

6831 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിൽ ആവശ്യത്തിന് അദ്ധ്യാപകർ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഒഴിവുകളിൽ അദ്ധ്യാപകരെ അടിയന്തിരമായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഷൊർണ്ണൂർ മണ്ഡലത്തിലെ സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ കുറവുള്ളയിടങ്ങളിൽ ആയത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>ഹയർസെക്കണ്ടറി സ്കൂൾ അദ്ധ്യാപക നിയമനം</u>

6832 ശ്രീ. ബാബു എം. പാലിശ്ശേരി
,, എ.എം. ആരിഫ്
,, ജെയിംസ് മാത്യു
ശ്രീമതി കെ.കെ.ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി സ്കൂൾ അദ്ധ്യാപക നിയമനങ്ങളിൽ എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകൾ കോഴവാങ്ങുന്നത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ വർഷം എത്ര എയ്ഡഡ് സ്കൂളുകൾക്ക് പ്ലസ് വൺ കോഴ്സുകൾ അനുവദിക്കുകയുണ്ടായിയെന്നും ഇതിന്റെ ഭാഗമായി എത്ര അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കേണ്ടതായി വന്നുവെന്നും വ്യക്തമാക്കാമോ ;

(സി) ഇതിൽ മാനേജ്മെന്റുകൾ എത്ര അദ്ധ്യാപകരെ ഇതിനകം നിയമിക്കുകയുണ്ടായി ; ഏതെല്ലാം നിയമനങ്ങളിൽ കോഴ വാങ്ങിയതായി പരാതികൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>മെഡിക്കൽ ലാബോറട്ടറി ടെക്നീഷ്യൻ കോഴ്സ്</u>

6833 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ മെഡിക്കൽ ലാബോറട്ടറി ടെക്നീഷ്യൻ കോഴ്സ് പഠിപ്പിക്കുന്ന വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകൾ ഏതെല്ലാമാണ്;

(ബി) ജില്ലയുടെ വടക്കൻ മേഖലയിലുളള വിദ്യാർത്ഥികൾക്ക് ഈ കോഴ്സിനു ചേരുവാൻ സൗകര്യങ്ങളില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അർത്തുങ്കൽ ഫിഷറീസ് വി.എച്ച്.എസ്.സി, പട്ടണക്കാട് എസ്.സി.യു. ഗവ: വി.എച്ച്.എസ്.എസ് എന്നിവിടങ്ങളിലെവിടെയെങ്കിലും മെഡിക്കൽ ലാബ് ടെക്നീഷ്യൻ കോഴ്സ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>പഴഞ്ഞി വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ പ്ലസ്ടു കോഴ്സ്</u>

6834 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിലെ കാട്ടകാമ്പാൻ പഞ്ചായത്തിലെ പഴഞ്ഞി വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ പ്ലസ്ടു കോഴ്സ് അനുവദിക്കണം എന്നതു സംബന്ധിച്ച് ഹയർ സെക്കന്ററി ഡിപ്പാർട്ടുമെന്റിന് അപേക്ഷ ലഭിച്ചിരുന്നുവോ;

(ബി) കാട്ടകാമ്പാൻ ഗ്രാമപഞ്ചായത്തിൽ എയ്ഡഡ് - സർക്കാർ മേഖലയിൽ പ്ലസ്ടു സ്കൂൾ ഇല്ലാത്തതു പരിഗണിച്ച് പഴഞ്ഞി വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ പ്ലസ്ടു കോഴ്സ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>മുതുവല്ലൂർ ഹൈസ്കൂളിൽ ഹയർ സെക്കൻണ്ടറി ബാച്ച്</u>

6835 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മുതുവല്ലൂർ, ചുള്ളിക്കോട് ഗവൺമെന്റ് ഹൈസ്കൂളിൽ ഹയർ സെക്കൻണ്ടറി ബാച്ച് തുടങ്ങുന്നത് സംബന്ധിച്ച് പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ :

(സി) ഇവിടെ പ്രധാന അദ്ധ്യാപകനടക്കം അദ്ധ്യാപകരുടെയും മറ്റും ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>കുന്നംകുളം ഗവണ്‍മെന്റ് ഗേള്‍സ് / ബോയ്സ് ഹയര്‍ സെക്കന്‍ണ്ടറി സ്കൂള്‍</u>

6836 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കുന്നംകുളം ഗവണ്‍മെന്റ് ഗേള്‍സ് ഹയര്‍ സെക്കന്‍ണ്ടറി സ്കൂള്‍, ഗവണ്‍മെന്റ് ബോയ്സ് ഹയര്‍ സെക്കന്‍ണ്ടറി സ്കൂള്‍ എന്നിവിട ങ്ങളില്‍ യഥാക്രമം വിവിധ ബാച്ചുകളിലായി ആകെ എത്ര കുട്ടി കള്‍ വീതമാണ് പഠിച്ചു വരുന്നത് ;

(ബി) കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി സൗകര്യപ്രദമായ ക്ലാസ് റൂമുകള്‍ ഈ രണ്ടു സ്കൂളിലും നിലവിലില്ല എന്നത് ശ്രദ്ധ യില്‍പ്പെട്ടിട്ടുണ്ടോ ;

(സി) മതിയായ തോതില്‍ ക്ലാസ് റൂമുകള്‍ നിര്‍മ്മിച്ചു നല്‍കുന്നതിന് നട പടി സ്വീകരിക്കുമോ ; എങ്കില്‍ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>സ്കൂൾ കെട്ടിട നിർമ്മാണം</u>

6837 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ബാലുശ്ശേരി അസംബ്ളി മണ്ഡലത്തിലെ പൂനൂർ സർക്കാർ ഹയർ സെക്കൻണ്ടറി സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ പരിഗണനയിലുണ്ടോ ; ഇതിന്റെ പുരോഗതി വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>ഹയർ സെക്കൻണ്ടറി സ്കൂളുകൾക്ക് കെട്ടിടം</u>

6838 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ഹയർ സെക്കൻണ്ടറി സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിലേക്കായി നബാർഡ് ആർ.ഐ.ഡി.എഫ്. അംഗീകാരത്തിനായി സമർപ്പിച്ച പദ്ധതികൾക്ക് അംഗീകാരം നല്കിയിരുന്നോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(സി) ജില്ലയിലെ ഹയർ സെക്കൻണ്ടറി സ്കൂളുകളുടെ ശോച്യാവസ്ഥ കണക്കിലെടുത്ത് പ്രസ്തുത പദ്ധതികൾക്ക് അടിയന്തിരമായി അംഗീകാരം നല്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>ആലപ്പുഴ മുഹമ്മദൻസ് ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ കെട്ടിടം</u>

6839 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മുഹമ്മദൻസ് ബോയ്സ് ഹയർസെക്കന്ററി സ്കൂളിൽ ക്ലാസ് റൂം തകർന്നു വീണത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കെട്ടിടം പുനർനിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ;

(ബി) ഈ സ്കൂളിൽ നഗരസഭയുടെ ഫിറ്റ്നസ് ലഭിക്കാത്ത കെട്ടിടങ്ങളിൽ അധ്യയനം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സ്ഥലപരിമിതി മൂലം ബുദ്ധിമുട്ടുന്ന ഈ സ്കൂളിന് പുതിയ ബഹുനില കെട്ടിടം പണിയുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിലെ ഗവണ്‍മെന്റ് ഹയര്‍ സെക്കണ്ടറി സ്കൂളുകള്‍ക്ക് കെട്ടിടം പണിയാന്‍ നടപടി</u>

6840

ശ്രീ. പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മലപ്പുറം ജില്ലയുടെ തെക്കെ അറ്റമായ പൊന്നാനിയിലെ ഗവണ്‍മെന്റ് ഹയര്‍ സെക്കണ്ടറി സ്കൂളുകളെല്ലാം കെട്ടിടമില്ലാതെ ബുദ്ധിമുട്ടുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ തൃക്കാവ്, മാറഞ്ചേരി, മൂക്കുതല, പാലപ്പെട്ടി, കോക്കൂര്‍ എന്നീ ജി.എച്ച്.എസ്.എസ്.കളില്‍ കെട്ടിട നിര്‍മ്മാണത്തിന് നടപടി സ്വീകരിക്കുമോ;

(സി) മൂവായിരത്തിലധികം കുട്ടികള്‍ പഠിക്കുന്ന മാറഞ്ചേരി സ്കൂളില്‍ അടിയന്തിരമായി 15 ക്ലാസ് മുറികള്‍ ഉള്ള കെട്ടിടം നിര്‍മ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ എച്ച്.എസ്.എ (മലയാളം) നിയമനം</u>

6841 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ എച്ച.എസ്.എ മലയാളം റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ് ;

(ബി) ഇതുവരെ പ്രസ്തുത ലിസ്റ്റിൽ നിന്ന് ഓരോ വിഭാഗത്തിലും ഏതെല്ലാം റാങ്ക് വരെയുള്ള ഉദ്യോഗാർത്ഥികൾക്കാണ് നിയമനം ലഭിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ജില്ലയിൽ നിലവിൽ എത്ര ഒഴിവുകളാണുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഒഴിവുകളുണ്ടായിട്ടും നിയമനം നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഇ) ഡി.ഡി.ഇ മാർ കൃത്യമായി വേക്കൻസികൾ റിപ്പോർട്ട് ചെയ്യുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(എഫ്) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>എച്ച്.എസ്.എ. മലയാളം റാങ്ക് ലിസ്റ്റ്</u>

6842 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ എച്ച്.എസ്.എ. മലയാളം റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഈ ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജില്ലയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്;

(ഡി) ഏതെല്ലാം സ്കുളുകളിലാണ് ഒഴിവുകൾ ഉള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>എച്ച്.എസ്.എ (സോഷ്യൽ സ്റ്റഡീസ്) റാങ്ക് ലിസ്റ്റ് - പാലക്കാട്</u>

6843 ശ്രീ. പി. റ്റി. എ. റഹിം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഹൈസ്കൂൾ അസിസ്റ്റന്റ് സോഷ്യൽ സ്റ്റഡീസ് (മലയാളം മീഡിയം) തസ്തികയുടെ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(ബി) എങ്കിൽ വിവിധ വിഭാഗങ്ങളിൽ നിന്ന് ഏതെല്ലാം റാങ്കുവരെ നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ജില്ലയിൽ പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത തസ്തികയിൽ ആകെയുള്ള ഒഴിവുകളിൽ എത്ര ശതമാനമാണ് പി.എസ്.സി മുഖേന നികത്തുന്നതെന്ന് വ്യക്തമാക്കാമോ ;

(ഇ) ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം വരുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിൽ എച്ച്.എസ്.എ. (മാത്സ്) അദ്ധ്യാപകരുടെ ഒഴിവുകൾ</u>

6844

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എച്ച്.എസ്.എ. (മാത്സ്) അദ്ധ്യാപകരുടെ എത്ര ഒഴിവുകളാണുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ജില്ലയിലെ എച്ച്.എസ്.എ. (മാത്സ്) യുടെ നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേർക്ക് നിയമനം നൽകിയെന്നു വ്യക്തമാക്കുമോ;

(സി) ഇനി എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്ന് അറിയിക്കുമോ;

(ഡി) റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ എത്രയെണ്ണത്തിൽ നിയമനം നടത്താനുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

ചെറുവാടി ഗവൺമെന്റ് ഹൈസ്കൂളിലെ ഒഴിവുകൾ

6845 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജക മണ്ഡലത്തിലെ ചെറുവാടി ഗവൺമെന്റ് ഹൈസ്കൂളിൽ ഏതൊക്കെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിൽ അടിയന്തിരമായി നിയമനം നടത്തുന്നതിന് നിർദ്ദേശം നൽകുമോ;

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

ഹയർ സെക്കന്ററി പ്രിൻസിപ്പൽമാരെ ക്ലാസ് എടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ നടപടി

6846 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർ മാസത്തിൽ എത്ര മണിക്കൂർ ആണ് ക്ലാസ്സ് എടുത്തു വരുന്നത്;

(ബി) സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ ക്ലാർക്ക്, പ്യൂൺ എന്നീ തസ്തികകൾ നിലവിലുണ്ടോ;

(സി) വർദ്ധിച്ച ഓഫീസ് ചുമതലയുളള ഹയർ സെക്കന്ററി പ്രിൻസിപ്പൽമാരെ ക്ലാസ്സ് എടുക്കുന്ന ഉത്തരവാദിത്വത്തിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>ഹയർ സെക്കണ്ടറി സ്കൂളുകളിൽ മിനിസ്റ്റീരിയൽ സ്റ്റാഫ്</u>

6847 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കൻണ്ടറി സ്കൂളുകളിൽ മിനിസ്റ്റീരിയൽ സ്റ്റാഫിനെ നിയമിക്കാത്തത് മൂലം പ്രിൻസിപ്പലിനും അദ്ധ്യാപകർക്കും അധിക ജോലി ചെയ്യേണ്ടി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഹയർ സെക്കൻണ്ടറി സ്കൂളുകളിൽ മിനിസ്റ്റീരിയൽ സ്റ്റാഫിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

ശ്രീമതി. ഉമ്മുഹബീബയുടെ ലീവ് സാലറി ആനുകൂല്യങ്ങൾ

6848 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം വിദ്യാഭ്യാസ ഉപജില്ലയിലെ ചെമ്മങ്കടവ്-ഈസ്റ്റ് എ.എം.എൽ.പി.എസ്. ലെ എൽ.പി.എസ്.എ. ലീവ് സബ്സ്റ്റി റ്റ്യൂട്ടായി ജോലി ചെയ്യുന്ന ശ്രീമതി. ഉമ്മുഹബീബക്ക് 2009 മെയ് മാസത്തെ ലീവ് സാലറി അനുവദിക്കണമെന്നാവശ്യപ്പെട്ട് സ്കൂൾ മാനേജർ ഡി.പി.ഐ. ക്ക് നല്കിയ അപ്പീൽ സംബന്ധിച്ച് നാളിതുവരെ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) മലപ്പുറം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറോട് ഈ വിഷയത്തിൽ ക്ലാരിഫിക്കേഷൻ തേടിയിരുന്നോ; എങ്കിൽ എന്നാണെന്നും എ.ഇ.ഒ. യുടെ മറുപടി എന്ന് ലഭിച്ചു എന്നും വ്യക്തമാക്കാമോ;

(സി) എ.ഇ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്റെ വിശദാംശം നൽകാമോ;

(ഡി) 15.07.2010-ന് നൽകിയ അപ്പീലിൽ തീരുമാനമായിട്ടുണ്ടോ; എങ്കിൽ എന്നാണ് തീരുമാനമായത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) തീരുമാനമെടുക്കാൻ കാലതാമസമുണ്ടായതിന്റെ കാരണം വിശദമാക്കുമോ; ന്യായീകരിക്കാൻ പറ്റാത്ത കാലതാമസമുണ്ടായിട്ടുണ്ടെങ്കിൽ ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>ശ്രീമതി. മോളി മാത്യുവിന്റെ ശൂന്യവേതന അവധി</u>

6849 ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രീമതി. മോളി മാത്യു, എച്ച്.എസ്.എ. (മാത്സ്), കെ.എം.എച്ച്.എസ്., കുറ്റൂർ നോർത്ത്. പി.ഒ., തിരൂർ വിദ്യാഭ്യാസ ജില്ല, മലപ്പുറം എന്നയാളുടെ ശൂന്യവേതന അവധി പാസ്സാക്കി കിട്ടുന്നതു സംബന്ധിച്ച 36787/A2/11/G.Edn. നമ്പർ ഫയലിൽ എന്തു തീരുമാനമാണ് കൈക്കൊണ്ടിട്ടുളളത് എന്ന് വ്യക്തമാക്കുമോ;

(ബി) ടിയാളുടെ അപേക്ഷയിൽ ഉളളടക്കം ചെയ്തിരിക്കുന്ന രേഖകളും അപേക്ഷയിൽ പ്രതിപാദിച്ചിരിക്കുന്ന വസ്തുതകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതുമായി ബന്ധപ്പെട്ട് തിരൂർ ഡി.ഇ.ഒ. യുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നോ; റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ ഉളളടക്കം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ഫയലിൽ അടിയന്തിരമായി തീർപ്പുകൽപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

ശ്രീമതി ദീനാമ്മ എ. ചെറിയിക്കൽ നൽകിയ അപേക്ഷ

6850 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രീമതി. ദീനാമ്മ എ. ചെറിയിക്കൽ ആലപ്പുഴ പൂന്നപ്രയിലുള്ള അറവുകാട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ എന്നു മുതലാണ് പ്രിൻസിപ്പലായി സേവനം അനുഷ്ഠിച്ചിട്ടുള്ളത് ;

(ബി) ശ്രീമതി. ദീനാമ്മ എ. ചെറിയിക്കൽ പ്രസ്തുത സ്കൂളിൽ പ്രിൻസിപ്പലായി ചാർജ്ജ് എടുക്കുന്നതിന് മുൻപായി അവിടെ അനധികൃത ബാച്ചുകളിൽ വിദ്യാർത്ഥികൾ പഠിച്ചിരുന്നോ ;

(സി) എങ്കിൽ ഇത്തരം ബാച്ചിലെ കുട്ടികൾ എന്നാണ് അവിടെ അഡ്മിഷൻ എടുത്തിട്ടുള്ളത് ; ഏതെല്ലാം ബാച്ചിലെ കുട്ടികളാണ് ഇങ്ങനെ അഡ്മിഷൻ നേടിയിട്ടുള്ളത് എന്നറിയിക്കാമോ ;

(ഡി) ഈ ബാച്ചിലെ കുട്ടികൾ അഡ്മിഷൻ നേടിയ സമയത്ത് സ്കൂളിലെ അഡ്മിഷന്റെ ചാർജ്ജുള്ള അധികാരികൾ ആരായിരുന്നു ;

(ഇ) ഇങ്ങനെ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്ക് സർക്കാരിൽ നിന്നും ലഭിക്കേണ്ട വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ടോ ; എങ്കിൽ എന്നു മുതൽ അഡ്മിഷൻ നേടിയ കുട്ടികൾക്കാണ് ഈ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുള്ളത് ; വിശദാംശം നല്കാമോ ;

(എഫ്) ശ്രീമതി ദീനാമ്മ എ. ചെറിയിക്കൽ പ്രിൻസിപ്പലായി ചാർജ്ജ് എടുക്കുന്നതിന് മുൻപ് അഡ്മിഷനായ അനധികൃത ബാച്ചിലെ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ വിതരണം ചെയ്തതിന്റെ പേരിൽ ടിയാളിൽ നിന്നും ഈ തുക ഈടാക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ജി) ഇതു സംബന്ധിച്ച് ശ്രീമതി. ദീനാമ്മ എ. ചെറിയിക്കൽ സർക്കാരിന് സമർപ്പിച്ച അപേക്ഷയിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>വി.എച്ച്.എസ് എസ്.കളിലെ ലാബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റുമാർ</u>

6851 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വോക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ പി.എസ്.സി മുഖാന്തിരം ലാബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റായി ജോലി ചെയ്യുന്നവരുടെ പേരും യോഗ്യത നേടിയ വി.എച്ച്.സി കോഴ്സും അവർ നിലവിൽ ജോലി ചെയ്യുന്ന വി. എച്ച്.സി കോഴ്സും സ്ക്കൂൾ അടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാരെ നിലവിലുള്ള യോഗ്യതയ്ക്ക് അനുസരിച്ച് അതാത് കോഴ്സിലേക്ക് മാറ്റി നിയമിക്കുവാനുള്ള നടപടി പരിഗണനയിൽ ഉണ്ടോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>നിർമ്മൽ മാധവിന്റെ പ്ലസ് ടു വിദ്യാഭ്യാസം</u>

6852 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നിർമ്മൽ മാധവ് എന്ന കോഴിക്കോട് എഞ്ചിനീയറിംഗ് കോളേജിൽ പഠിച്ചിരുന്ന വിദ്യാർത്ഥിയുടെ പ്ലസ്ടു വിദ്യാഭ്യാസം എവിടെ ആയിരുന്നു; ആ കാലഘട്ടത്തിൽ പ്രസ്തുത വിദ്യാർത്ഥി ഏതെങ്കിലും തരത്തിലുള്ള അച്ചടക്ക നടപടിക്ക് വിധേയനായിട്ടുണ്ടോ; എങ്കിൽ എന്താണ് കാരണം; പ്ലസ്ടു പഠനകാലയളവിൽ സ്കൂൾ ട്രാൻസ്ഫർ ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്താണ് കാരണം എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

കേരള ശാസ്ത്രസാങ്കേതിക മ്യൂസിയത്തിന്റെ
വികസന പ്രവർത്തനങ്ങൾ

6853 ശ്രീ. ബെന്നി ബെഹനാൻ
,, പി. സി. വിഷ്ണുനാഥ്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ കേരള ശാസ്ത്രസാങ്കേതിക മ്യൂസിയത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾക്കാണ് ലക്ഷ്യമിട്ടിട്ടുളളത്;

(ബി) മ്യൂസിയത്തിലെ വാനനിരീക്ഷണശാലയിൽ അത്യാധുനിക ടെലിസ്ക്കോപ്പുകൾ സ്ഥാപിച്ച് സ്ഥാപനത്തെ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) മ്യൂസിയത്തിന്റെ ആഭിമുഖ്യത്തിൽ സയൻസ് സെന്ററുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യുക്കേഷന്റെ പ്രവർത്തനങ്ങൾ</u>

6854 ശ്രീ. എം. എ. വാഹീദ്
,, കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യുക്കേഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(ബി) ഇതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

(സി) ഇതിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നടപടികൾ എടുക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>അന്തർ ജില്ലാ സ്ഥലം മാറ്റം നേടിയവരുടെ സീനിയോറിറ്റി</u>

6855 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ അന്തർജില്ല സ്ഥലം മാറ്റം കരസ്ഥമാക്കിയവരിൽ ചിലർ നിയമവിരുദ്ധമായി സീനിയോറിറ്റി സംരക്ഷിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ നിന്നും അനുകൂലമായി വന്ന വിധിക്കെതിരെ സർക്കാർ അപ്പീൽ പോകണമെന്ന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ശുപാർശ ചെയ്തിരുന്നോ;

(സി) പ്രസ്തുത ശുപാർശയുടെ അടിസ്ഥാനത്തിൽ ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുവാൻ എന്നാണ് ഉത്തരവിട്ടത്; അപ്പീൽ ഫയൽ ചെയ്തിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ഡി) അപ്പീൽ ഫയൽ ചെയ്തിട്ടില്ലെങ്കിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമാണ്; അവർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഇ) പ്രസ്തുത വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>സ്വാശ്രയമേഖലയിലെ ഫീസ് നിരക്ക്</u>

6856 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയമേഖലയിലെ വിവിധ കോഴ്സുകൾക്ക് ഈ അദ്ധ്യയനവർഷം നിശ്ചയിച്ചിട്ടുള്ള ഫീസ് നിരക്ക് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ കോഴ്സിനും പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നിശ്ചയിച്ചിട്ടുള്ള ഫീസ് നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>സ്വാശ്രയ - എയ്ഡഡ് പ്രൊഫഷണൽ കോളേജുകളിൽ നിന്നും സർക്കാർ സ്ഥാപനങ്ങളിലേക്ക് തുടർപഠനം</u>

6857 ശ്രീ. സി. മോയിൻകുട്ടി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, പി. ഉബൈദുള്ള
, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ/എയ്ഡഡ് പ്രൊഫഷണൽ കോളേജുകളിൽ മെരിറ്റ് ക്വാട്ടയിലല്ലാതെ അഡ്മിഷൻ ലഭിച്ച കുട്ടികൾക്ക് സർക്കാർ സ്ഥാപനങ്ങളിലേക്ക് 2-ാം വർഷം മുതലുള്ള തുടർപഠനത്തിന് ട്രാൻസ്ഫർ നൽകാൻ വ്യവസ്ഥയുണ്ടോ;

(ബി) കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടയിൽ സർക്കാർ പ്രൊഫഷണൽ സ്ഥാപനങ്ങളിലേയ്ക്ക് അത്തരത്തിൽ ട്രാൻസ്ഫർ നല്കിയ കേസ്സുകളെ സംബന്ധിച്ച വിശദ വിവരം നല്കുമോ;

(സി) പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ അഞ്ചുവർഷക്കാലം നടന്ന ഇത്തരത്തിലുള്ള നിയമവിരുദ്ധ നടപടികളെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

പാലക്കാട് ജൂനിയർ ടെക്നിക്കൽ സ്കൂൾ

6858 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ പത്തിരിപ്പാല ഹയർ സെക്കണ്ടറി സ്കൂളിന്റെ പത്ത് ഏക്കറോളമുള്ള സ്ഥലത്തോടനുബന്ധിച്ച് ഒരു ജൂനിയർ ടെക്നിക്കൽ സ്കൂൾ ആരംഭിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

ഐ. എച്ച്. ആർ. ഡി. യുടെ കീഴിലുള്ള
കോളേജുകളുടെ വികസനം

6859 ശ്രീ. ജോസഫ് വാഴക്കൻ
,, ഹൈബി ഈഡൻ
,, എ. റ്റി. ജോർജ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. എച്ച്. ആർ. ഡി. യുടെ കീഴിലുള്ള കോളേജുകളുടെ വികസനത്തിന് എന്തെല്ലാം നടപടികൾ കൈക്കൊളളാനുദ്ദേശിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(ബി) ഈ കോളേജുകളുടെ അക്കാഡമിക് ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ ശ്രമിക്കുമോ;

(സി) ഈ കോളേജുകളിൽ സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

ഐ. എച്ച്. ആർ. ഡി. ജീവനക്കാരുടെ ഇന്റേണൽ പ്രൊമോഷൻ

6860

ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. എച്ച്. ആർ. ഡി. യിൽ ലാബ് / ലൈബ്രറി അസിസ്റ്റന്റ് വിഭാഗത്തിലുള്ള ജീവനക്കാർക്ക് ഓഫീസ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് 20 ശതമാനം ഇന്റേണൽ പ്രൊമോഷൻ നൽകണമെന്ന 25.6.2010 - ലെ കേരള ഹൈക്കോടതിയുടെ ഉത്തരവ് പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ബി) ഈ ഉത്തരവിന് വിരുദ്ധമായി മുൻസർക്കാരിന്റെ കാലത്ത് അപേക്ഷ ക്ഷണിച്ചിരുന്നോ; എങ്കിൽ നോട്ടിഫിക്കേഷന്റെ / ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇന്റേണൽ പ്രൊമോഷൻ നൽകുന്നതുമൂലം ഡിപ്പാർട്ട്മെന്റിൽ എത്ര പേർക്ക് പ്രയോജനം ലഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇന്റേണൽ പ്രൊമോഷൻ നൽകുന്നതിലേയ്ക്ക് സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി 16.8.2010 - ൽ സർക്കുലർ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ആയതിൽ എന്തു നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

ഐ. എച്ച്. ആര്‍. ഡി. യില്‍ ലൈബ്രേറിയന്‍ ഗ്രേഡ് -4 തസ്തികയിലെ നിയമനം

6861

ശ്രീ. ജി. എസ്. ജയലാല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഐ. എച്ച്. ആര്‍. ഡി. യില്‍ ലൈബ്രേറിയന്‍ ഗ്രേഡ് - 4 ലേക്ക് നിയമനം നടത്തുവാന്‍ അവസാനമായി ടെസ്റ്റ് നടത്തിയത് എന്നാണെന്നും പ്രസ്തുത ടെസ്റ്റ് പ്രകാരം തയ്യാറാക്കിയ ലിസ്റ്റിന്റെ കാലാവധി എന്നുവരെയുണ്ടെന്നും അറിയിക്കുമോ;

(ബി) ലിസ്റ്റ് നിലവില്‍ വരുമ്പോള്‍ ആകെ എത്ര ഒഴിവുകള്‍ ഉണ്ടായിരുന്നുവെന്നും അതനുസരിച്ച് എത്ര പേര്‍ക്ക് നിയമന ഉത്തരവ് നല്‍കിയെന്നും വ്യക്തമാക്കുമോ;

(സി) നിയമന ഉത്തരവ് നല്‍കിയതില്‍ നാളിതുവരെ പൊതു വിഭാഗത്തില്‍ എത്ര പേര്‍ ജോലിയില്‍ പ്രവേശിച്ചു; സംവരണ വിഭാഗത്തില്‍ എത്ര പേര്‍ക്കാണ് നിയമനം നല്‍കിയതെന്നും അതില്‍ എത്ര പേര്‍ ജോലിയില്‍ പ്രവേശിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ഡി) അഡ്വൈസ് മെമ്മോ കൈപ്പറ്റിയിട്ടും ജോലിയില്‍ പ്രവേശിക്കാതിരുന്നാല്‍ നിലവിലുള്ള ലിസ്റ്റില്‍ നിന്നും പകരം ആളെ നിയമിക്കുവാന്‍ വ്യവസ്ഥയുണ്ടോ; എങ്കില്‍ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികള്‍ വിശദമാക്കുമോ;

(ഇ) പൊതുവിഭാഗത്തിലോ, സംവരണ വിഭാഗത്തിലോ ഇനിയും ആരെങ്കിലും ജോലിയില്‍ പ്രവേശിക്കാനുണ്ടോ; ഏതെല്ലാം വിഭാഗത്തില്‍ എത്ര പേര്‍ ഉണ്ടെന്നും, അവര്‍ ആരെല്ലാമാണെന്നും അറിയിക്കുമോ;

(എഫ്) അഡ്വൈസ് മെമ്മോ ലഭിച്ച ഉദ്യോഗാര്‍ത്ഥികള്‍ എല്ലാവരും ജോലിയില്‍ പ്രവേശിച്ചിട്ടില്ലായെങ്കില്‍ നിലവിലുള്ള ലിസ്റ്റില്‍ നിന്നും എന്‍. ജെ. ഡി. നിയമനം നടത്തുവാന്‍ നിര്‍ദ്ദേശം നല്‍കുവാന്‍ സന്നദ്ധമാകുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ച കെട്ടിടങ്ങൾ</u>

6862 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക്കിൽ സ്റ്റാഫ് ക്വാർട്ടേഴ്സും ഹോസ്റ്റൽ നിർമ്മാണവും പാതി വഴിയിൽ നിലച്ച്, വർഷങ്ങൾ കഴിഞ്ഞ കെട്ടിടങ്ങൾ എപ്പോൾ പണി പൂർത്തീകരിച്ച് ഉപയോഗിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

എഞ്ചിനീയറിംഗ് പ്രവേശനം - നോർമലൈസേഷൻ രീതികൾ

6863 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് പ്രവേശനത്തിന് നിലവിൽ അവലംബിക്കുന്ന മാർക്ക് നോർമലൈസേഷൻ രീതി തയ്യാറാക്കിയ വിദഗ്ധസമിതിയിലെ അംഗങ്ങളുടെ പേരും യോഗ്യതയും വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ അവലംബിച്ചിരിക്കുന്ന നോർമലൈസേഷൻ രീതിയിൽ അപാകതയില്ലായെന്ന് ഉറപ്പ് വരുത്തുവാൻ ദേശീയ നിലവാരത്തിലുള്ള ഒരു വിദഗ്ധസമിതിയെകൊണ്ട് പരിശോധിപ്പിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകൾ</u>

6864 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ്, സ്വാശ്രയ മേഖലകളിലായി മൊത്തം എത്ര എഞ്ചിനീയറിംഗ് കോളേജുകൾ ഇപ്പോൾ പ്രവർത്തിച്ചു വരുന്നുണ്ട് ;

(ബി) ഓരോ വിഭാഗത്തിലും എത്ര കോളേജുകൾ വീതം ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഇപ്പോൾ പുതുതായി ഏതാനും എഞ്ചിനിയറിംഗ് കോളേജുകൾക്ക് അംഗീകാരം നൽകുക ഉണ്ടായോ ; എങ്കിൽ എത്ര കോളേജുകൾ ; ഇവ ഏതു വിഭാഗത്തിൽ ഉൾപ്പെടുമെന്ന് വ്യക്തമാക്കുമോ ;

(ഡി) സ്വാശ്രയമേഖലയിലെ എഞ്ചിനിയറിംഗ് കോളേജുകളിൽ സംസ്ഥാനത്ത് മൊത്തം എത്ര സീറ്റുകളാണ് ഉള്ളത് ;

(ഇ) ഇവയിൽ പ്രവേശനം പൂർണ്ണമായും പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ എത്ര സീറ്റുകൾ ഇപ്പോൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപക നിയമനം</u>

6865 ശ്രീ. ആർ സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗ് അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) ഒഴിവുള്ള തസ്തികയിൽ അദ്ധ്യാപനം നടത്തുന്നത് ഏത് രീതിയിൽ നിയമനം ലഭിച്ചവരാണ്;

(സി) ഇവർ എ.ഐ.സി.റ്റി.ഇ നോംസ് അനുസരിച്ചുള്ള യോഗ്യത നേടിയവരാണോ;

(ഡി) അല്ലെങ്കിൽ ഈ ഒഴിവുകളിലേക്ക് നിശ്ചിതയോഗ്യതയുള്ളവരെ പി.എസ്.സി. വഴി നിയമിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകൾ</u>

6866 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് മേഖലയിലുള്ള ഏതൊക്കെ സ്ഥാപനങ്ങളിലാണ് ഹോട്ടൽ മാനേജ്മെന്റ്, ടൂറിസം എന്നീ വിഷയങ്ങളിൽ ഡിഗ്രികോഴ്സുകൾ നിലവിലുള്ളത്;

(ബി) ''ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി'', കോവളം എന്ന സ്ഥാപനം ഹോട്ടൽ മാനേജ്മെന്റിൽ ബിരുദ കോഴ്സ് നടത്തിവരുന്നതായി അറിയാമോ ; ഈ സ്ഥാപനം സർക്കാർ നിയന്ത്രണത്തിലുള്ളതോ സർക്കാർ അംഗീകാരമുള്ളതോ ആണോ ; പ്രസ്തുത ബിരുദ കോഴ്സിലേക്കുള്ള പ്രവേശനത്തിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(സി) 'ഇഗ്നോ' യുടെ ബിരുദ സർട്ടിഫിക്കറ്റാണോ പ്രസ്തുത സ്ഥാപനത്തിൽ പഠനം പൂർത്തിയാക്കുന്ന കുട്ടികൾക്ക് നൽകുന്നത് ;

(ഡി) എങ്കിൽ ഈ ബിരുദം കേരള സർവ്വകലാശാലയും കേരള സർക്കാരും അംഗീകരിച്ചിട്ടുണ്ടോ ;

(ഇ) ഇവിടെ നിന്നും ബിരുദം നേടുന്ന കുട്ടികൾക്ക് കേരള സർവ്വകലാശാല നടത്തുന്ന ഏതെല്ലാം ബിരുദാനന്തര കോഴ്സുകൾക്ക് പ്രവേശനത്തിന് അർഹതയുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>മെഡിക്കൽ -പാരാമെഡിക്കൽ കോഴ്സുകളും പരീക്ഷകളും</u>

6867 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ അഫിലിയേറ്റു ചെയ്തു നടത്തിവരുന്ന മെഡിക്കൽ-പാരാമെഡിക്കൽ കോഴ്സുകളും പരീക്ഷകളും പൂർണ്ണമായും കേരളാ യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസിന്റെ കീഴിലാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) അടുത്ത അദ്ധ്യയന വർഷം മുതൽ മെഡിക്കൽ - പാരാമെഡിക്കൽ കോഴ്സുകളുടെ പ്രവേശന നടപടികൾ പൂർണ്ണമായും കെ.യു.എച്ച്.എ. എസ് മുഖേന നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>കേരള സർവ്വകലാശാല സെനറ്റിലും സിൻഡിക്കേറ്റിലുമുള്ള സർക്കാർ പ്രതിനിധികൾ</u>

6868 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 13-ാം കേരള നിയമസഭ പ്രാബല്യത്തിൽ വന്നതിനു ശേഷം കേരളസർവ്വകലാശാല സെനറ്റിലേക്ക് നിയമസഭാ സാമാജികരിൽ നിന്നും എത്ര പേരെയാണ് തെരഞ്ഞെടുത്തിട്ടുള്ളത് ; ഇവരുടെ പേരുകൾ വ്യക്തമാക്കാമോ ;

(ബി) നിലവിൽ സെനറ്റിലേക്ക് ഒഴിവുകൾ നികത്താനുണ്ടോ ; എങ്കിൽ എത്ര എന്നറിയിക്കാമോ ;

(സി) പ്രസ്തുത സ്ഥാനങ്ങൾ നികത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ഡി) കേരള സർവ്വകലാശാലയിൽ നിലവിലുള്ള സെനറ്റിലും സിൻഡിക്കേറ്റിലുമുള്ള സർക്കാർ പ്രതിനിധികളായി എത്രപേർ ഉണ്ട് ; ഇവരുടെ പേരും തസ്തികയും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>കേരളാ സർവ്വകലാശാല - മേഴ്സിചാൻസ് പരീക്ഷകൾ</u>

6869 ശ്രീ.സി.മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല ഇപ്പോൾ നടത്തിവരുന്ന എൽ.എൽ.ബി (ത്രിവത്സര, പഞ്ചവത്സര) മേഴ്സി ചാൻസ് പരീക്ഷയ്ക്ക് (1998 ന് മുൻപുള്ള അഡ്മിഷനും, അതിന്ശേഷമുള്ള അഡ്മിഷനും) പരീക്ഷാ ഫീസിന് പുറമേ, അഡീഷണൽ ഫീസായി എത്ര രൂപാകൂടി അടയ്ക്കണമെന്നാണ് നിശ്ചയിച്ചിരിക്കുന്നത് ; ആയത് സംബന്ധിച്ച് ഉത്തരവ് യൂണിവേഴ്സിറ്റി പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഉത്തരവ് പ്രകാരമുള്ള അഡീഷണൽ ഫീസ് ഒരു കോഴ്സിലെ എല്ലാ പേപ്പർ/അപേക്ഷകൾക്കും കൂടി ഒരു പ്രാവശ്യമായാണോ, അതോ ഓരോ പേപ്പർ/അപേക്ഷകൾക്കും പ്രത്യേകം അഡീഷണൽ ഫീസായാണോ ഈടാക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) ഇപ്പോൾ ഒരു കോഴ്സിന് ഒന്നായി ഒരു തവണയാണോ അഡീഷണൽ ഫീസ് ഈടാക്കുന്നത്, എങ്കിൽ എത്ര തുകയാണ് അങ്ങനെ ഈടാക്കുന്നത് ;

(ഡി) ഓരോ പേപ്പറിനും/അപേക്ഷയ്ക്കും അഡീഷണൽ ഫീസ് ഈടാക്കുന്നുണ്ടെങ്കിൽ അത് എത്ര വീതമാണെന്ന് ഉത്തരവ് സഹിതം വ്യക്തമാക്കുമോ ;

(ഇ) കേരള സർവ്വകലാശാല ഇപ്പോൾ മേഴ്സിചാൻസ് പരിക്ഷകൾക്ക് (ഡിഗ്രി പ്രൊഫഷണൽ കോഴ്സ് തുടങ്ങി എല്ലാം) അഡീഷണൽ ഫീസ് ഈടാക്കുന്നത് യൂണിവേഴ്സിറ്റിയുടെ ഏത് തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ; ഇത് സംബന്ധിച്ച് ഉത്തരവുണ്ടെങ്കിൽ അത് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>ശ്രീ ശങ്കരാ യൂണിവേഴ്സിറ്റിയിലെ സാർവ്വദേശീയ പഠനകേന്ദ്രം</u>

6870 ശ്രീ. അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2008 മാർച്ച് മാസം 27 ൽ കൂടിയ കാലടി ശ്രീ ശങ്കരാ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിന്റെ തീരുമാനപ്രകാരം ആരംഭിക്കുവാൻ തീരുമാനിച്ച 7 പഠനകേന്ദ്രങ്ങളുടെ (ശ്രീ ശങ്കരൻ, മഹാത്മാ ഗാന്ധി, ശ്രീനാരായണഗുരു, അയ്യങ്കാളി, ചട്ടമ്പിസ്വാമി, ആഗമാനന്ദ സ്വാമി എന്നിവരുടെ പേരിലുള്ള പഠനകേന്ദ്രങ്ങളും സാർവ്വദേശീയ മതാന്തര പഠനകേന്ദ്രങ്ങളും) പ്രവർത്തനം നിർത്തലാക്കിയതിൽ പ്രതിഷേധിച്ച് അവ വെവ്വേറെ പുന:സ്ഥാപിക്കാൻ വേണ്ടി കഴിഞ്ഞ രണ്ടര വർഷമായി ജനകീയ സമരം നടന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പഠനകേന്ദ്രങ്ങൾ പുന:സ്ഥാപിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>അലിഗഡ് യൂണിവേഴ്സിറ്റിയിലെ വികസന പ്രവര്‍ത്തനങ്ങള്‍</u>

6871 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അലിഗഡ് യൂണിവേഴ്സിറ്റി മലപ്പുറം കേന്ദ്രത്തിന്റെ പ്രവൃത്തികള്‍ സ്തംഭനാവസ്ഥയിലായത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലെ റോഡ് വികസനത്തിനും ജലവിതരണ ടാങ്ക്, പൈപ്പ്, 11 കെ.വി ലൈന്‍, ട്രാന്‍സ്ഫോര്‍മര്‍ സ്ഥാപിക്കല്‍ എന്നിവയ്ക്കാവശ്യമായ തുക ബജറ്റില്‍ ഉള്‍പ്പെടുത്താത്തത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) എങ്കില്‍ ആവശ്യമായ തുക വകയിരുത്താന്‍ നടപടി സ്വീകരിക്കുമോ;

(ഡി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്ന ശേഷം കെട്ടിട വാടകയിനത്തില്‍ പ്രസ്തുത സെന്ററിന് എന്തു തുക അനുവദിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>യൂണിവേഴ്സിറ്റി കോളേജ് ഓഫ് മെഡിക്കൽ എജ്യുക്കേഷനിലെ അദ്ധ്യാപക നിയമനം</u>

6872 ശ്രീ. റോഷി അഗസ്റ്റിൻ
'' പി. സി. ജോർജ്
ഡോ.എൻ. ജയരാജ്
ശ്രീ. തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സ്വാശ്രയ സ്ഥാപനമായ യൂണിവേഴ്സിറ്റി കോളേജ് ഓഫ് മെഡിക്കൽ എജ്യുക്കേഷൻ എന്നാണ് സ്ഥാപിതമായത്; ഇതിന്റെ സ്ഥാപകൻ ആരായിരുന്നു;

(ബി) പ്രസ്തുത കോളേജിൽ എത്ര കോഴ്സുകൾ നിലവിലുണ്ട്;

(സി) പ്രസ്തുത കോഴ്സുകൾ പഠിപ്പിക്കുന്നതിന് നിലവിൽ എത്ര അധ്യാപകരുണ്ടെന്നും, ഇവരുടെ സേവന വേതന വ്യവസ്ഥകൾ എപ്രകാരമെന്നും ഇവർക്ക് നിയമാനുസൃത അവധി ലഭിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിൽ അധ്യാപകരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ഇ) പ്രസ്തുത കോളേജിൽ നിലവിലുള്ള അദ്ധ്യാപകരെ എന്നാണ് നിയമിച്ചതെന്നും ഇവരുടെ നിയമന അംഗീകാരത്തിന് തടസ്സം എന്തെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>അന്തർ സർവ്വകലാശാല സെന്ററുകൾ</u>

6873 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർവ്വകലാശാലകളിൽ അന്തർ സർവ്വകലാശാലാ സെന്ററുകൾ സ്ഥാപിക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ;

(ബി) അന്തർ സർവ്വകലാശാല സെന്ററുകൾ സ്ഥാപിക്കുക വഴി സർവ്വകലാശാലകളുടെ പി.എച്ച്.ഡി/ഗവേഷണ മേഖലകളിലെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം സെന്ററുകൾ വഴി പ്രശസ്തരായ വിദ്യാഭ്യാസ വിദഗ്ദ്ധരുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>വയനാട് ജില്ലയിൽ ഉപരിപഠന കേന്ദ്രം</u>

6874 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഉപരിപഠനത്തിന് അവസരമില്ലാത്തതിനാൽ ആദിവാസികളടക്കം പാവപ്പെട്ട വിദ്യാർത്ഥികൾ പഠനം പാതി വഴിയിൽ ഉപേക്ഷിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലയിൽ ഉപരിപഠനത്തിന് സൗകര്യങ്ങൾ നൽകുമോ;

(സി) കാലിക്കറ്റ് സർവ്വകലാശാലയുടെ ഒരു പഠനകേന്ദ്രം ജില്ലയിൽ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

നവവിജ്ഞാനമേഖലകള്‍

6875 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എ. പ്രദീപ്കുമാര്‍
,, വി. ശിവന്‍കുട്ടി
,, ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നവവിജ്ഞാനമേഖലകളായ വിവര സാങ്കേതിക വിദ്യ( ഐ.ടി), ജനിതക സാങ്കേതിക വിദ്യ (ബി.ടി) എന്നീ മേഖലകളില്‍ പ്രഗത്ഭരായവരുടെ സേവനം ഉന്നത വിദ്യാഭ്യാസ മേഖലയില്‍ പ്രയോജനപ്പെടുത്തുവാന്‍ സര്‍ക്കാര്‍ ഉദ്ദേശിക്കുന്നുണ്ടോ; ഇതു സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ;

(ബി) പുതിയ ഓര്‍ഡിനന്‍സു വഴി സര്‍വ്വകലാശാലകളില്‍ സര്‍ക്കാര്‍ നാമനിര്‍ദ്ദേശം ചെയ്തിട്ടുളളവര്‍ ആരൊക്കെയാണെന്നും, അവര്‍ ഉന്നത വിദ്യാഭ്യാസ രംഗത്ത് ചെയ്തിട്ടുളള സേവനങ്ങള്‍ എന്താണെന്നും ശാസ്ത്ര, സാങ്കേതിക വിദ്യാഭ്യാസരംഗത്ത് നിന്നുളളവര്‍ ആരൊക്കെയാണെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>'അക്ഷരലക്ഷം'</u>

6876 ശ്രീ. വര്‍ക്കല കഹാര്‍
,, വി. ഡി. സതീശന്‍
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സാക്ഷരതാ മിഷന്റെ നേതൃത്വത്തില്‍ നടപ്പാക്കുന്ന 'അക്ഷരലക്ഷം' പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) ഈ പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്;

(സി) എത്ര ലക്ഷം പേരെ സാക്ഷരരാക്കാനാണ് പരിപാടി ലക്ഷ്യമിട്ടിട്ടുള്ളത്;

(ഡി) ഇതിനായി കൈക്കൊണ്ടിട്ടുള്ള നടപടികള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>സാക്ഷരതാ മിഷൻ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ</u>

6877 ശ്രീ. ജോസഫ് വാഴക്കൻ
,, ഹൈബി ഈഡൻ
,, എ. റ്റി. ജോർജ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാക്ഷരതാ മിഷൻ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മപരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) കൂടുതൽ രജിസ്ട്രേഷൻ കേന്ദ്രങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ;

(സി) ആവശ്യത്തിനനുസരിച്ച് മാതൃഭാഷയ്ക്ക് പുറമേ മറ്റ് ഭാഷകളിലും സാക്ഷരാതാ ക്ലാസ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

നിർമ്മൽ മാധവിന് പ്രവേശനം നൽകിയത് സംബന്ധിച്ച് പഠിക്കാൻ വിദഗ്ധ സമിതി

6878 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വെസ്റ്റ് ഹിൽ എഞ്ചിനീയറിംഗ് കോളേജിൽ നിർമ്മൽ മാധവ് എന്ന വിദ്യാർത്ഥിക്ക് പ്രവേശനം നൽകിയത് സംബന്ധിച്ച് പഠിക്കാൻ വിദഗ്ധ സമിതിയെ നിശ്ചയിച്ചിരുന്നുവോ;

(ബി) ഈ വിദഗ്ധ സമിതിയിൽ ആരൊക്കെയാണ് അംഗങ്ങളായി പ്രവർത്തിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഈ വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ലഭ്യമാക്കാമോ?